പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2555 **28-10-2026-ൽ മറുപടിയ്ക്ക്**

SCP, TSP വിഹിതം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന വാർഷിക പദ്ധതി വിഹിതത്തിൽ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതിയുടെയും (SCP) പട്ടികവർഗ്ഗക്കാർക്കായുള്ള ഉപപദ്ധതിയുടെയും (TSP) നിലവിലെ വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പട്ടികജാതി വിഭാഗങ്ങൾക്കുള്ള പട്ടികജാതി ഉപപദ്ധതിക്കായി (Scheduled Caste Sub Plan-SCSP) ആകെ സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ 9.81 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഉപപദ്ധതിക്കായി (Tribal Sub Plan-TSP) 2.83 ശതമാനവും നിലവിൽ വകയിരുത്തുന്നു. 2011 സെൻസസ് കണക്ക് പ്രകാരം കേരളത്തിന്റെ ജനസംഖ്യയിൽ 9.10 ശതമാനവും 1.45 ശതമാനവും വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി അവരുടെ ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ വിഹിതമാണ് സംസ്ഥാന വാർഷിക പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി വകയിരുത്തുന്നത്.

(ബി) പ്ലാൻ അലോക്കേഷനിൽ പട്ടികജാതി പട്ടികവർഗവിഹിതം ജനസംഖ്യാനുപാതികമായി മാറ്റിവയ്ക്കാനല്ലാതെ വകുപ്പുകളുടെ യഥാർത്ഥ ചെലവിൽ ജനസംഖ്യാനുപാതിക തത്വം പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

മറുപടി: ആകെ സംസ്ഥാന വാർഷിക പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന വിഹിതം പട്ടികജാതി ഉപപദ്ധതിയ്ക്കും (SCSP) പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുമായി (TSP) വകയിരുത്തുകയും, പ്രസ്തുത ഉപപദ്ധതി വിഹിതം പട്ടികജാതി പട്ടികവർഗ്ഗ സ്ഥാപനങ്ങൾക്കുമായി വിഭജിച്ചു നൽകുകയും ചെയ്യുന്നതാണ് നിലവിലെ പ്ലാൻ അലോക്കേഷൻ രീതി. ആകെ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ ഏകദേശം 55 ശതമാനത്തോളം പട്ടികജാതി വികസന വകുപ്പിനും 45 ശതമാനത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വകയിരുത്തുമ്പോൾ, പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഏകദേശം 75 ശതമാനത്തോളം പട്ടികവർഗ്ഗ വികസന വകുപ്പിനും ബാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തുകയും ചെയ്യുന്നു.

പട്ടികജാതി വികസന വകുപ്പിന് ലഭിക്കുന്ന 55% വിഹിതത്തിലും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ തദ്ദേശ സ്വയംഭരണ വകുപ്പ്, ഹൈക്കോടതി, കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും ഉൾപ്പെടുന്നു. പ്രത്യേക ഘടക പദ്ധതി (SCP) പ്രകാരം ലഭിക്കുന്ന തുക ഈ വിധത്തിൽ വിവിധ വകുപ്പുകൾ മുഖേന

നടപ്പിലാക്കുന്ന പദ്ധതികൾക്കായി വകയിരുത്തുന്നതിനാൽ യഥാർത്ഥ ചിലവിൽ ജനസംഖ്യാനുപാതിക തത്വം നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട്, പൂർണ്ണമായും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി വിദ്യാഭ്യസം, ആരോഗ്യം, ഭവനം, ഭൂമി, താമസ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ, നൈപുണ്യ വികസനം, സംരംഭകത്വ വികസനം തുടങ്ങിയ മേഖലകളിൽ പൊതുവായതും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതുമായ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമൊഴികെയുള്ള മറ്റ് വികസന വകുപ്പുകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം നിലവിൽ വകയിരുത്തുന്നില്ല.

(സി) പ്ലാനിൽ ഉൾപ്പെടാത്ത വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും വിവിധ മൂലധന പദ്ധതികളിൽ പട്ടികജാതി പട്ടികവർഗ ജനസംഖ്യാനുപാതികമായി വിഹിതം മാറ്റിവെക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: നിർബന്ധമാക്കിയിട്ടില്ല.

(ഡി) എങ്കിൽ, മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്ന ജനറൽ പ്രോജക്ടുകളിൽ ഈ നിർബന്ധിത ഫണ്ട് വകമാറ്റാതെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നേരിട്ടുള്ള ഗുണത്തിനായി തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മറുപടി: നിലവിൽ മറ്റ വകുപ്പുകൾ നടപ്പിലാക്കുന്ന ജനറൽ പ്രോജക്ടുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വകയിരുത്തുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് പ്രസ്തുത ഉപപദ്ധതി ഫണ്ട് വിനിയോഗിക്കുന്നത്.

സെക്ഷൻ ഓഫീസർ